ബന്ധപ്പെട്ട കൃഷിവകുപ്പ് ഉദ്യോഗസ്ഥർ പങ്കെടുക്കുന്നുണ്ട്. കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയിൽ എല്ലാ കൃഷിക്കാരേയും അംഗങ്ങളാക്കുന്നതിന് അർഹരായ കർഷകരുടെ പേരുവിവരം കൃഷിഭവൻ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകുന്നു.

(ബി) സഹകരണ ബാങ്കുകൾ, ഗ്രാമീണ ബാങ്കുകൾ, വാണിജ്യ ബാങ്കുകൾ മുതലായ ധനകാര്യ സ്ഥാപനങ്ങൾ ഹ്രസ്വകാല വായ്പ, മദ്ധ്യകാല വായ്പ, ദീർഘകാല വായ്പ എന്നീ വായ്പകളാണ് കർഷകർക്ക് അനുവദിക്കുന്നത്.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം (2004-05) ദേശസാൽകൃത ബാങ്കുകൾ 1596.55 കോടി രൂപ (ആയിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി ആറ് കോടി അൻപത്തിഅഞ്ച് ലക്ഷം രൂപ) വായ്പയായി അനുവദിച്ചിട്ടുണ്ട്.

ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

	ജില്ല	വായ്പ (രൂപ കോടിയിൽ)
1.	തിരുവനന്തപുരം	567.00
2.	കൊല്ലം	305·00
3.	പത്തനംതിട്ട	307.00
4.	ആലപ്പുഴ	432.00
5.	കോട്ടയം	562.00
6.	ഇടുക്കി	308.00
7.	എറണാകുളം	530.00
8.	തൃശ്ശൂർ	630.00
9.	പാലക്കാട്	629.00
10.	മലപ്പുറം	825.00
11.	കോഴിക്കോട്	591.00
12.	വയനാട്	460.00
13.	കണ്ണൂർ	418.00
14.	കാസർഗോഡ്	290.00
	ആകെ	6854.00

ചോദ്യത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള വില്ലേജുകളെ സംബന്ധിച്ച കണക്ക് ശേഖരിച്ച് നൽകുന്നതാണ്.

ചെറുതുരുത്ത് പാടശേഖരം കൃഷിയോഗ്യമാക്കാൻ നടപടി

118 [2107] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 30-6-2005-ൽ കൃഷിവകുപ്പ് ഇറക്കിയ ഉത്തരവ് നമ്പർ ജി. ഒ. (ആർ.ടി.) 944/05/അഗ്രി/ഐ.എഫ്.എ.-യുടെ കോപ്പി ലഭ്യമാക്കുമോ;

(ബി) ഈ ഉത്തരവ് റദ്ദാക്കി ഏകദേശം 3½ ഏക്കറോളം വരുന്ന ചെറുതുരുത്ത് പാടശേഖരം കൃഷിയോഗ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 30-6-2005-ലെ കൃഷിവകുപ്പിന്റെ ജി. ഒ. (ആർ. ടി.) 944/05 അഗ്രി/ഐ.എഫ്.എ.-യുടെ പകർപ്പ് അനുബന്ധമായി വയ്ക്കുന്നു. *

(ബി, സി) ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ റിപ്പോർട്ടുകളും നിയമ വശവും പരിശോധിച്ചാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. അതിനാൽ ഉത്തരവ് റദ്ദാക്കണമെന്ന് സർക്കാർ കരുതുന്നില്ല.

കൂവ്വപ്പടി ഗ്രാമപഞ്ചായത്തിൽ കൃഷിഭവൻ ആരംഭിക്കുവാൻ നടപടി

119 [2108] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ കൂവ്വപ്പടി ഗ്രാമ പഞ്ചായത്തിൽ കൃഷിഭവൻ ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് കൃഷിഭവൻ ഇല്ലാത്ത എത്ര പഞ്ചായത്തുകൾ, നഗരസഭകൾ നിലവിലുണ്ട് എന്നും അവ ഏതെല്ലാമെന്നും, നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിവരം വ്യക്തമാക്കാമോ;

(സി) കൂവ്വപ്പടി ഗ്രാമ പഞ്ചായത്തിലും കൃഷിഭവൻ ഇല്ലാത്ത മറ്റു പഞ്ചായത്തുകളിലും ഇവ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ കൂവ്വപ്പടി ഗ്രാമ പഞ്ചായത്തിൽ കൃഷിഭവൻ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

(ബി) സംസ്ഥാനത്ത് കൃഷിഭവൻ ഇല്ലാത്ത 20 പഞ്ചായത്തുകൾ ഉണ്ട്. വിശദവിവരം † അനുബന്ധമായി ചേർത്തിട്ടുണ്ട്. ഇവയുടെ നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിവരവും കൃഷിഭവൻ ഇല്ലാത്ത നഗരസഭകളുടെ വിവരവും ശേഖരിച്ചുവരുന്നു.

(സി) കൂവ്വപ്പടി ഗ്രാമ പഞ്ചായത്ത് ഉൾപ്പെടെ കൃഷിഭവൻ ഇല്ലാത്ത 20 പഞ്ചായത്തുകളിൽ കൃഷിഭവൻ അനുവദിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസൽ ധനകാര്യവകുപ്പുമായി കൂടിയാലോചിച്ച് പരിശോധിച്ചുവരുന്നു.

കൃഷിഭവനും മൃഗാശുപത്രിയും ഇല്ലാത്ത പഞ്ചായത്തുകൾ

120 [2109] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിഭവനും മൃഗാശുപത്രിയും ഇല്ലാത്ത എത്ര പഞ്ചായത്തുകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly